RCS/4129/2021 -CP(1)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി:**16/08/2021**
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ-0471-2330726/2331891

**സർക്കുലർ നമ്പർ 36 /2021**

വിഷയം:- സഹകരണവകുപ്പ് -സഹകരണബാങ്കുകൾ/സംഘങ്ങൾ എന്നിവയുടെ നിക്ഷേപ/വായ്പ പാസ് ബുക്കുകളിൽ പോലീസ്, ബാലാവകാശ കമ്മീഷൻ ,വനിതാ കമ്മീഷൻ തുടങ്ങിയവയുടെ ഫോൺ നമ്പരുകൾ പ്രന്റ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:-കാരത്തൂർ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി സമർപ്പിച്ച 26.06.2021 ലെ അപേക്ഷയിൻ മേൽ ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.

നമ്മുടെ നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങൾ,സ്ത്രീധനം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉണ്ടാകുമ്പോൾ അവരുടെ പരാതി ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിക്കുന്നതിനായി പോലീസ്/ഫയർ & റെസ്ക്യൂ ബാലാവകാശ കമ്മീഷൻ /വനിതാ കമ്മീഷൻ എന്നീ സ്ഥാപനങ്ങളുടെ ഹെൽപ്പ് ലൈൻ ഫോൺ നമ്പരുകൾ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ എന്നിവയുടെ നിക്ഷേപ/വായ്പ പാസ് ബുക്കുകളിൽ അച്ചടിച്ചോ/സീൽ പതിപ്പിച്ചോ നൽകുന്നത് പൊതു ജനങ്ങൾക്കും, സഹകാരികൾക്കും ഉപകാരപ്രദമാകുമെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ മേൽ പ്രകാരമുള്ള ഫോൺ നമ്പരുകളും സഹകാരികൾക്കും, പൊതു ജനങ്ങൾക്കും ഏറ്റവും അത്യാവശ്യമായി ഉപയോഗത്തിൽ വരുന്നതുമായ പൊതു ഫോൺ നമ്പരുകളും സഹകരണ ബാങ്ക്/ സംഘം പാസ് ബുക്കുകളിൽ അച്ചടിച്ചോ/സീൽ പതിപ്പിച്ചോ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

ഒപ്പ്
പി.ബി. നൂഹ് .ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ആഡിറ്റ്)
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)& ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
5. എല്ലാ സഹകരണ സംഘങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)